**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2541** **24-06-2024 - ൽ മറുപടിയ്ക്ക്**

**മൗണ്ട് പാർക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ മൗണ്ട് പാർക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡിൻെറ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിൽ മൗണ്ട് പാർക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്ന സ്വകാര്യ വ്യവസായ എസ്റ്റേറ്റിന് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റേറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എസ്റ്റേറ്റ് ഓഫീസിന്റെ നിർമ്മാണം, പ്ലോട്ട് നിരപ്പാക്കുന്ന ജോലികൾ, ചുറ്റുമതിൽ നിർമ്മാണം, പാർക്കിനകത്തെ പാത ഒരുക്കൽ എന്നിവ നല്ല രീതിയിൽ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് നൽകുവാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും അതിനായുള്ള നടപടിക്രമങ്ങൾ സംബന്ധിച്ചും വ്യക്തമാക്കാമോ? | (ബി) | ഡെവലപ്പർ പെർമിറ്റിന് അനുമതി ലഭിച്ച എല്ലാ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളും പ്രത്യേക വ്യവസായ മേഖലയായി പ്രഖ്യാപിക്കുകയും പ്രത്യേക Single Window Clearance Board രൂപീകരിക്കുകയും ചെയ്യുന്നതാണ്. Kerala Single Window Clearance Board, Industrial Township Area Development Act 1999 ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും ഈ എസ്റ്റേറ്റുകൾക്ക് അർഹത ഉണ്ടായിരിക്കും. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ ബിൽഡിംഗ് പെർമിറ്റ് നൽകുന്നത് ഈ ഏകജാലക ക്ലിയറൻസ് ബോർഡ് ആണ്.<br><br>സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ വൈദ്യുതി, ജലം, റോഡ്, ഡ്രയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ലബോറട്ടറി, ടെസ്റ്റിംഗ് സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഒരുക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്. ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു സ്വകാര്യ വ്യവസായ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. ഡെവലപ്പർ പെർമിറ്റ് ലഭിച്ചിട്ടുള്ള സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാകുന്ന മുറയ്ക്ക് ബില്ല്, വൗച്ചർ, എഞ്ചിനീയർ സർട്ടിഫിക്കറ്റ് തുടങ്ങി മറ്റ് ആവശ്യമാകുന്ന രേഖകൾ സഹിതം റീ |

| | | | |
|---|---|---|---|
| | | | ഇംബേഴ്സ്മെന്റ് തുകയ്ക്കായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ